# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1435.**

30..9..2011-ൽ മറുപടിക്ക്

## പാൽക്ഷാമം പരിഹരിക്കാൻ നടപടി

**ചോദ്യം**

**ശ്രീ. മഞ്ഞളാംകുഴി അലി.**

(എ) സംസ്ഥാനം നേരിടുന്ന പാൽ ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക രിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപ ഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിനു പുറമെ മിൽമയും സ്വകാര്യ ഡയറികളും അന്യ സംസ്ഥാനത്ത് നിന്നും കേരളത്തിന്റെ ഉപഭോഗത്തിന് ആവശ്യമായ പാൽ എത്തിച്ച് വിതരണം നടത്തുന്നുണ്ട്. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ഷീരവികസന വകുപ്പ് ക്ഷീരകർഷ കർക്ക് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ ക്ഷീര കർഷക പെൻഷൻ, വിവാഹ ധന സഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവയും നൽകി വരുന്നു. ഇതിനു പുറമെ, പാലുല്പാദനം വർദ്ധിപ്പിക്കാൻ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേഡറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി നടപ്പിലാക്കി വരുന്നു. കന്നുകുട്ടി ദത്തെടു ക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധന സഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും മിൽമ വഴി ക്ഷീരകർഷ കർക്ക് നൽകി വരുന്നു.

| | |
|---|---|
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ഓണക്കാലത്ത് പാറശ്ശാല (തിരുവനന്തപുരം), ആര്യങ്കാവ് (കൊല്ലം), കുമിളി (ഇടുക്കി), വാളയാർ, മീനാക്ഷിപുരം (പാലക്കാട്) എന്നിവിടങ്ങളിൽ താത്ക്കാലിക് ലബോറട്ടറികൾ സ്ഥാപിച്ച് ക്ഷീര വികസന വകുപ്പ് പാൽഗുണനിലവാര പരിശോധന നടത്തുന്നു. ക്ഷീര വികസന വകുപ്പിന്റെ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ വഴി ജില്ലകളിൽ വിതരണം നടത്തുന്ന എല്ലാ മാർക്കറ്റ് മിൽക്ക് സാമ്പിളുകളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണ പരിശോധനയ്ക്ക് ശേഷമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ സീൽഡ് ടാങ്കറുകളിൽ എത്തിച്ച് വീണ്ടും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി സംസ്ക്കരിച്ച ശേഷമാണ് വിതരണം ചെയ്യുന്നത്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലും പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമെ, മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടയ്ക്കിടയ്ക്ക് പരിശോധന നടത്താറുമുണ്ട്. |
| (സി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ:<br><br>(ഡി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) & (ഡി) പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നു. തീറ്റപുൽ കൃഷി വ്യാപന പദ്ധതി, എം.എസ്.ഡി.പി, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ ക്ഷീരകർഷക പെൻഷൻ, വിവാഹ ധന സഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവയും നൽകി വരുന്നു. കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, ൭ മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ |

ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും മിൽമ വഴി നടപ്പാക്കി വരുന്നു. കേന്ദ്ര പദ്ധതിയായ ആർ.കെ.വി.വൈ.യിൽ ഉൾ പ്പെടുത്തി ഗർഭിണി പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി, പുൽകൃഷി പദ്ധതി, ഡയറി യൂണിറ്റുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൂടാതെ, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ